I ഇ.ബി. XI-കേരള നിയമസഭ/V20

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2003 മാർച്ച് 18, ചൊവ്വ</u>

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

ചോദ്യോത്തരവേള ആരംഭിച്ച ഉടനെ അടിയന്തിരപ്രമേയ നോട്ടീസിലെ വിഷയം ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ചോദ്യോത്തരവേളയിൽ പ്രശ്നങ്ങൾ ഉന്നയിക്കാൻ അനുവദിക്കാറില്ലെന്നും ചോദ്യോത്തരവേള കഴിഞ്ഞതിനുശേഷം അവസരം നൽകാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു. പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.

പ്രതിപക്ഷാംഗങ്ങൾ ബഹളം തുടരുന്ന സാഹചര്യത്തിൽ സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ

സഭയെ അറിയിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

**പ്രമേയം**

**<u>സാമ്പത്തിക നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതു സംബന്ധിച്ച്</u>**

**മുഖ്യമന്ത്രി (<u>ശ്രീ.എ.കെ. ആന്റണി</u>)**: "ഒരു പ്രതിപക്ഷാംഗം സഭാകവാടത്തിൽ അനിശ്ചിതകാല നിരാഹാരം ആരംഭിച്ചതിനെത്തുടർന്ന് മുപ്പത്തിയാറ് ദിവസം സമ്മേളിക്കാൻ തീരുമാനിച്ചു ചേർന്ന നടപ്പുസമ്മേളനത്തിലെ എട്ട് വിലപ്പെട്ട ദിനങ്ങൾ ഇതിനകംതന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. ജനാധിപത്യ പ്രക്രിയയിലെ ഏറ്റവും പ്രധാനപ്പെട്ട ബഡ്ജറ്റ് അവതരണംപോലും സങ്കുചിത രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി അലങ്കോലപ്പെടുത്താൻ ശ്രമമുണ്ടായി. സഭയിൽ അഴിഞ്ഞാട്ടം നടത്തിയ ചില പ്രതിപക്ഷാംഗങ്ങൾ ധനകാര്യമന്ത്രിയെ കടന്നാക്രമിക്കാൻ ശ്രമിക്കുകയും വാച്ച് ആന്റ് വാർഡ് ജീവനക്കാരിൽ അഞ്ചുപേരെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു. മാർച്ച് പതിനാലിന് സഭയിൽ അരങ്ങേറിയ സംഭവങ്ങൾ ജനാധിപത്യ വിശ്വാസികളുടെ ഹൃദയത്തിൽ ഏൽപ്പിച്ച മുറിവ് ഉണങ്ങാൻ കാലമേറെയെടുക്കും. തുടർന്നും ഈ പ്രവണത ആവർത്തിക്കാനിടയുണ്ടെന്ന് ഇന്നത്തെ സംഭവങ്ങൾ സൂചന നൽകുന്നു.

ഈ സാഹചര്യത്തിൽ ഭരണഘടനാപരമായി പൂർത്തിയാക്കേണ്ട സാമ്പത്തിക നടപടിക്രമങ്ങൾ സമയബന്ധിതമായി തീർക്കേണ്ടതിനാൽ, 2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്കയക്കണമെന്നും വോട്ട് ഓൺ അക്കൗണ്ട് ചർച്ച കൂടാതെ ഇന്നുതന്നെ

പാസ്സാക്കണമെന്നും 2003–ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബില്ലും 2003–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും ഇന്നുതന്നെ പരിഗണനയ്ക്ക് എടുക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാക്കുന്നതിന് സഹായകമാകത്തക്ക വിധത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 141, 149(2)–(3), 153(2) എന്നീ ചട്ടങ്ങൾ പൂർണ്ണമായും 142–ാം ചട്ടം ഭാഗികമായും താൽക്കാലികമായി റദ്ദാക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**2003–ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബിൽ**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ)**: 2003–ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

**മി.സ്പീക്കർ**: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി(ശ്രീ.കെ.ശങ്കരനാരായണൻ):** 2003–ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

2003–ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

<u>2–ഉം 3–ഉം വകുപ്പുകൾ</u>

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1–ാം വകുപ്പും പീഠികയും പേരും</u>

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി(<u>ശ്രീ.കെ.ശങ്കരനാരായണൻ</u>):** 2003–ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ):** പ്രമേയത്തെ പിന്താങ്ങുന്നു.

2003-ലെ കേരള ധനവിനിയോഗ (ഒന്നാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് സംബന്ധിച്ചുള്ള ഉപക്ഷേപം**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ):** "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2003-2004 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു".

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ):** ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ഉപക്ഷേപം സഭ പാസ്സാക്കി. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചു.

**2003-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ)**: 2003–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

**മി. സ്പീക്കർ:** ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ):** 2003–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

2003–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2–ഉം 3–ഉം വകുപ്പുകൾ

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** 2003–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ):** പ്രമേയത്തെ പിന്താങ്ങുന്നു.

2003–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**പ്രമേയം**

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ):** "2003–2004 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ 236–ാം ചട്ടത്തിന്റെ 2–ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ):** പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## 2003–ലെ കേരള ധനകാര്യ ബിൽ

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ):** 2003–ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

**മി. സ്പീക്കർ**: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## അവകാശലംഘന പ്രശ്നങ്ങൾ

(1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ 29–12–2001–ൽ കൃഷിയും കയറും വകുപ്പുമന്ത്രിക്കെതിരെയും 6–1–2002–ലും 18–3–2002–ലും ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കെതിരെയും 17–7–2002–ൽ വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കെതിരെയും 28–7–2002–ൽ പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. കെ. പി. രാജേന്ദ്രൻ 29–6–2002–ൽ റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കെതിരെയും 6–1–2002–ൽ ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. ബി. വിജയകുമാർ 11–11–2001–ൽ പ്രതിപക്ഷ നേതാവിനെതിരെയും 29–6–2002–ൽ ശ്രീ. സെബാസ്റ്റ്യൻ പോളിനെതിരെയും ശ്രീ. എ. കെ. ബാലൻ 5–7–2002–ൽ സഹകരണ വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. വി.

കെ. ചന്ദ്രൻ 23–7–2002–ൽ പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിക്കെതിരെയും അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നൽകിയ നോട്ടീസുകൾക്ക് അനുമതി നിഷേധിക്കുന്നു. ഇത് സംബന്ധിച്ച വിശദമായ റൂളിംഗുകൾ നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(2) <u>പരിഗണനയിലിരിക്കുന്നവ</u>

പത്രസമ്മേളനത്തിൽ പ്രതിപക്ഷ നേതാവ് സ്പീക്കർക്കെതിരെ അപകീർത്തികരങ്ങളായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് അദ്ദേഹത്തിനെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. ജി. പ്രതാപവർമ്മ തമ്പാനും ശ്രീ. ബി. വിജയകുമാറും നൽകിയ നോട്ടീസും എൽ.ഡി.എഫ്. ഭരണ കാലത്ത് ഭൂരഹിതരായ ആദിവാസികൾക്ക് ഒരു തുണ്ട് ഭൂമിപോലും നൽകിയില്ലായെന്ന് മുഖ്യമന്ത്രി സഭയിൽ പ്രസ്താവിച്ചത് വാസ്തവവിരുദ്ധമാണെന്നാരോപിച്ച് അദ്ദേഹത്തിനെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസും പാതിരാമണൽ ഒബ്റോയ് ഗ്രൂപ്പിന് കൈമാറുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എടുത്ത മന്ത്രിസഭാ തീരുമാനത്തിന്റെ തുടർച്ചയായിട്ടാണെന്ന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ പ്രസ്താവിച്ചത് വാസ്തവ വിരുദ്ധമാണെന്നാരോപിച്ച് മന്ത്രിക്കെതിരെ ശ്രീ. കെ. പി. രാജേന്ദ്രൻ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

**മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>:** സഭ മുമ്പാകെ വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(ബഹളം ..............ബഹളം............)

**<u>മി. സ്പീക്കർ</u>**: സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

സഭ രാവിലെ 8.44. ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

. . . . . . . . .